എൽ.ബി.എസ്. ഡയറക്ടർ-ഇൻ-ചാർജ് ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷൻ

47 (1911) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ LBS ഡയറക്ടർ-ഇൻ-ചാർജ് ആയി പ്രവർത്തിക്കുന്ന ശ്രീ. സയിദ് റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 21-10-2014-ൽ നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ; ചീഫ് സെക്രട്ടറി എന്നാണ് അന്വേഷണം ആരംഭിച്ചതെന്നും, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഡെപ്യൂട്ടേഷൻ അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് മാതൃവകുപ്പിൽ നിന്നുള്ള NOC നൽകിയിട്ടുള്ള കാലാവധി കഴിഞ്ഞും, NOC നൽകില്ലാ എന്ന് അറിയിച്ചിട്ടും പ്രസ്തുത വകുപ്പിൽ ജീവനക്കാരനെ തുടരുവാൻ നിയമം അനുശാസിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(സി) നിലവിൽ LBS-ന്റെ ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷന് ഏത് തീയതിവരെയാണ് മാതൃവകുപ്പിൽ നിന്നും NOC നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത NOC-യുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് എത്ര പ്രാവശ്യം ടിയാന്റെ മാതൃവകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട് ; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ LBS-ലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെയും പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്കെതിരെയും അച്ചടക്ക നടപടിവരെ എടുക്കാൻ അധികാരമുള്ള നിലവിലെ ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും വ്യക്തമാക്കാമോ ; LBS ഡയറക്ടർ ആകുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നീണ്ടകാലം ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന് ഉണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(എഫ്) ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചിട്ടും, മാതൃവകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകില്ല എന്ന് അറിയിച്ചിട്ടും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവൃത്തി പരിചയവും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും ഇല്ലാത്ത ശ്രീ. സയിദ് റഷീദിനെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ടിയാൻ ഏതൊക്കെ സ്ഥാപനങ്ങളുടെ ചുമതലയാണ് ഇപ്പോൾ വഹിക്കുന്നതെന്നും കാലയളവും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD-യുടേയും നിയമ വകുപ്പിന്റേയും ശിപാർശയുണ്ടോ ; ഇല്ലെങ്കിൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കാൻ തയ്യാറാകുമോ ; മുൻ സർക്കാരിന്റെ കാലത്ത് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും, ഇപ്പോൾ മാതൃ വകുപ്പ് എൻ.ഒ.സി. നൽകാതെ വിടുതൽ ചെയ്യണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്ത ശ്രീ. സയിദ് റഷീദിനെ എന്ന് റിലീവ് ചെയ്യുമെന്ന് വ്യക്തമാക്കാമോ ; ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ എൽ.ബി.എസ്. ഡയറക്ടർ -ഇൻ-ചാർജ്ജായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. സയിദ് റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ശ്രീ. സയിദ് റഷീദിന്റെ സേവനം സംസ്ഥാന സർക്കാരിന് ആവശ്യമായതിനാൽ അദ്ദേഹത്തിന് ഡെപ്യൂട്ടേഷനിൽ തുടരാൻ എൻ.ഒ.സി. നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിന് കത്ത് നൽകിയിരുന്നെങ്കിലും അനുകൂലമായ മറുപടി ലഭിച്ചില്ല

(സി) ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷൻ 5-4-2014 വരെയാണ് മാതൃവകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടുള്ളത്. എൻ.ഒ.സി.-യുടെ പകർപ്പ് അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ഡി) ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് മാതൃവകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് ആറ് പ്രാവശ്യം കത്ത് നൽകിയിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ഇ) നിലവിൽ എൽ.ബി.എസ്. ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന്റെ വിദ്യാഭ്യാസ യോഗ്യത നിയമത്തിലുള്ള ബിരുദാനന്തര ബിരുദമാണ്. സിവിൽ സർവ്വീസ് 2003 ബാച്ചിലെ IPoS ഉദ്യോഗസ്ഥനായ ഇദ്ദേഹത്തിന് കേന്ദ്രസർക്കാരിന്റെ ഗ്രൂപ്പ് 'എ' സർവ്വീസിൽ പതിനൊന്ന് വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറി എന്ന നിലയിലാണ് അദ്ദേഹത്തിന് എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 23-1-2010-ലെ G.O.(Rt)No.184/2010/H.Edn. പ്രകാരം കേരള ഓപ്പൺ യൂണിവേഴ്സിറ്റിയിലെ സ്പെഷ്യൽ ഓഫീസറായും 6-4-2010-ലെ G.O.(Rt)No.718/2010/H.Edn. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറിയായും നിയമിച്ച ശ്രീ. സയിദ് റഷീദിന് 24-2-2011 മുതൽ എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്. കൂടാതെ 25-11-2014-ലെ G.O.(Rt)No.2785/2014/H.Edn. പ്രകാരം ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോഴും മേൽപ്പറഞ്ഞ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ടി സ്ഥാനങ്ങളിൽ ടിയാന്റെ സേവനം അനിവാര്യമായതിനാലാണ് ടി സ്ഥാനങ്ങളിൽ ഇപ്പോഴും നിലനിർത്തിയിരിക്കുന്നത്.

(ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD-യുടെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നില്ല. ശ്രീ. സയിദ് റഷീദിന്റെ വിടുതൽ സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് അനുബന്ധം (സി) ആയി ചേർക്കുന്നു.*

ഐ.എ.എസ്. അക്കാദമി ആരംഭിക്കാൻ നടപടി

48 (1912) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ.എ.എസ്. അക്കാദമി ആരംഭിച്ചിട്ടുള്ളത് ; ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇടുക്കി ജില്ലയിൽ കട്ടപ്പന കേന്ദ്രീകരിച്ച് ഐ.എ.എസ്. അക്കാദമി ആരംഭിക്കണമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014-ൽ പ്രവർത്തനമാരംഭിച്ച ടി കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നു. പരിശീലന ക്ലാസ്സുകൾ മികച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly